**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **05-07-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കരയിലുള്ള കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷോപ്പ് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എ) | മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിന്റെ Modernisation-ന് വേണ്ടി estimate തയ്യാറാക്കുവാൻ KSRTCയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായ M/s. HLL Life care Ltd.നോട് 18/12/2020ന് ആവശ്യപ്പെടുകയുണ്ടായി. അതിൻ പ്രകാരം M/s. HLL Lifecare Ltd. 10/03/2021ന് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ് KSRTC പരിശോധിക്കുകയും 23/04/2021-ന് CMD എസ്റ്റിമേറ്റിന് 12% GST യും 4% PMC ചാർജ്ജും അടക്കം 4,46,85,000/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് 18/08/2021-ൽ ചേർന്ന 408-ാം മത് ഭരണ സമിതി യോഗം അജണ്ട ഇനം നമ്പർ 97/408/2021 പ്രകാരം സാധുകരിക്കുകയുമുണ്ടായി. തുടർന്ന് PMC ആയ M/s. HLL ഈ പ്രവൃത്തിയ്ക്ക് 20/07/2021 4,06,81,261/-രൂപയുടെ സാങ്കേതിക അനുമതി നൽകുകയും 20/07/2021ന് ഇ-tender ക്ഷണിക്കുകയും ചെയ്തു. മതിയായ tenderകൾ ലഭിക്കാത്തതിനാൽ 09/08/2021ന് അവസാന തീയതി വച്ചിരുന്ന tender 17/08/2021ലേയ്ക്കും, തുടർന്ന് 26/08/2021ലേയ്ക്കും തുടർന്ന് 02/09/2021ലേയ്ക്കും അവസാനമായി 09/09/2021ലേയ്ക്കും മാറ്റി വയ്ക്കുകയുണ്ടായി. നാല് കരാറുകാർ tender-ൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ tender അംഗീകരിക്കുവാനായി M/s. HLL 14/09/2021ന് KSRTCയ്ക്ക് സമർപ്പിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3,31,01,902 .65 രൂപ (excluding GST) രൂപ ക്വാട്ട് ചെയ്ത M/s. PAN PACIFIC Engineering Services Pvt Ltd. എറണാകുളം എന്ന കരാറുകാരന്റെ tender KSRTC 27/10/2021ന് അംഗീകരിക്കുകയും ആയത് 11/11/2021-ൽ ചേർന്ന 409-ാംമത് ഭരണ സമിതി യോഗം അജണ്ട ഇനം 128/409/2021 പ്രകാരം സാധൂകരിക്കുകയും ഉണ്ടായി. തുടർന്ന് M/s.HLL |

| | | | |
|---|---|---|---|
| | | | **3/11/2021-ന് തിരഞ്ഞെടുത്ത കരാറുകാരന് work order നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.** |

സെക്ഷൻ ഓഫീസർ